കെട്ടുന്നതോ
പൊട്ടുന്നതോ
പ്രശ്നം?

**142 അടി വിതാനത്തിലേക്ക് വെള്ളം ഉയർത്തേണ്ടതുണ്ടോ? ഇപ്പോഴത്തെ അവസ്ഥ നിലനിർത്തിക്കൂടെ? തമിഴ്നാടിന് ഇനിയും കൂടുതൽ വെള്ളം യഥാർത്ഥത്തിൽ ആവശ്യമുണ്ടോ? ലഭിക്കുന്ന വെള്ളം കൂടുതൽ ഉപയോഗപ്രദമാക്കിക്കൂടെ? വെള്ളം ഉപയോഗിക്കുന്നവർ ധൂർത്ത് കുറച്ചാൽ കൂടുതൽ ആവശ്യങ്ങൾ നടക്കില്ലേ?**

**രാമസ്വാമി. ആർ. അയ്യർ**

# മുല്ലപ്പെരിയാറിനെ വിവേകത്തോടെ സമീപിക്കുക

**ഉപയോഗത്തിലിരിക്കുന്ന** ലോകത്തിലെ ഏറ്റവും പുരാതന ഡാമുകളിൽ ഒന്നാണ് മുല്ലപ്പെരിയാർ. തമിഴ്നാടും കേരളവുമായി നിലവിലുള്ള തർക്കം വെള്ളത്തെകുറിച്ചല്ല, സുരക്ഷിതത്വത്തെ കുറിച്ചാണ്. തർക്കം പരിഹരിക്കാൻ എന്തെല്ലാം ചെയ്യാനാകും? നദീജല തർക്കങ്ങളുടെ നീണ്ട ലിസ്റ്റിൽ ഒന്നുകൂടി കൂട്ടിച്ചേർക്കുകയാണ് മുല്ലപ്പെരിയാർ. രണ്ട് സംസ്ഥാനങ്ങളിലും ഇതൊരു വൈകാരിക പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. നല്ല അയൽബന്ധങ്ങൾ നിലനിർത്താൻ വിവേകത്തിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ആദ്യമായി ഇതൊരു നദീതീര പ്രശ്നമാണെന്ന് തിരിച്ചറിയണം. പഴയ മദിരാസി പ്രസിഡൻസിയും തിരുവിതാംകൂർ രാജവംശവും തമ്മിലുണ്ടായ 1886ലെ കരാറനുസരിച്ച് പെരിയാറിലെ വെള്ളത്തിന് തമിഴ്നാടിന് അവകാശമുണ്ട്. ജലദൗർലഭ്യം അനുഭവിക്കുന്ന വൈഗൈ അടക്കമുള്ള തമിഴക പ്രദേശത്ത് ഇങ്ങനെ വെള്ളമെത്തുന്നു. ഡാം കേരളത്തിലാണ്. ഡാം നിലനിൽക്കുന്ന പ്രദേശം തമിഴ്നാടിന്റെ ലീസ് അധികാരപരിധിയിലാണ്. കേരളത്തിന് നാമമാത്രമായ വാടക കിട്ടും. കുറച്ച് വൈദ്യുതി കുറഞ്ഞ വിലക്ക് ലഭിക്കുകയും ചെയ്യും. അസാധാരണമായ ഈ കരാർ സംസ്ഥാനങ്ങൾ തമ്മിലുള്ള സഹകരണത്തിന് മകുടോദാഹരണമാണ്. നദീജലം പരസ്പരം പങ്കുവയ്ക്കുന്നതിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ കാണിക്കുന്ന മനോഭാവം പരിചാൽ മുല്ലപ്പെരിയാർ സഹകരണത്തിന്റെ മേന്മ നമുക്ക് പിടികിട്ടും. സ്വാതന്ത്ര്യാനന്തര പറമ്പിക്കുളം പദ്ധതിയും സമാനമാണ്.

എന്നേ ഉപേക്ഷിക്കപ്പെട്ട നിർമ്മാണരീതികളാണ് ഈ രണ്ട് പദ്ധതികളിലും അനുവർത്തിച്ചിട്ടുള്ളത്. പരിസ്ഥിതിയിൽ കുറഞ്ഞ ഇടപെടൽ നടത്തുക എന്ന ഇപ്പോഴത്തെ രീതിയിൽ നിന്ന് വിരുദ്ധമായി പരമാവധി പരിസ്ഥിതിയെ ചൂഷണം ചെയ്യുക എന്ന രീതിയാണ് രണ്ട് പദ്ധതികളും സ്വീകരിച്ചിരിക്കുന്നത്. പ്രകൃതിയെ ഒട്ടും പരിഗണിക്കാതെ തോടുകൾ കീറിയും കനാലുകൾ പണിതും പൈപ്പുകളി

മുൻ കേന്ദ്ര ജലവിഭവവകുപ്പ് സെക്രട്ടറിയായിരുന്ന രാമസ്വാമി. ആർ. അയ്യർ 2007ൽ ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയിൽ എഴുതിയ ലേഖനം.
പരിഭാഷ: കാര്യാടൻ

# ഡാമുകളൊന്നും കാലാതീതമല്ല

**രാമസ്വാമി. ആർ. അയ്യർ / വി. വെങ്കടേശൻ**

**ഡാമിന് പകരം ബദൽ മാർഗ്ഗങ്ങൾ തേടുന്ന തിനായി ജനങ്ങളോട് പറയാൻ എന്തെങ്കിലും മുൻ ഉദാഹരണങ്ങളുണ്ടോ?**

യു.എസ്സിൽ കാലപ്പഴക്കം ചെന്ന ഡാമുകൾ ഡീകമ്മിഷൻ ചെയ്യുകയും അതിന്റെ ഗുണഭോക്താക്കൾ അതിനനുസ രിച്ചുള്ള വിട്ടുവീഴ്ചകൾക്ക് തയ്യാറാവുകയും ചെയ്തിട്ടുണ്ട്. ആ അവസ്ഥയിൽ നമ്മൾ ഇതുവരെ എത്തിയിട്ടില്ല. ആസ്ട്രേലിയയിലെ സ്നോവി നദിയുടെ ഒരുഭാഗം അതിന്റെ ജൈവികമായ ഒഴുക്കിലേക്ക് പുന:ക്രമീകരി ക്കുകയുണ്ടായി. കർഷകർ അതിനെ പിന്തുണച്ചു. നില വിലുള്ള ഗുണഭോക്തക്കൾ കൂടി സഹകരിച്ച വലിയൊരു ജനകീയമുന്നേറ്റമായിരുന്നു പഴയ അവസ്ഥയിലേക്കുള്ള ആ നദിയുടെ പുന:ക്രമീകരണം.

മുല്ലപ്പെരിയാറിലെ വെള്ളം കൊണ്ട് സമ്പുഷ്ടമാ യിത്തീർന്ന നിരവധി ജീവിതങ്ങൾ തമിഴ്നാട്ടിലുണ്ട്. അതി ല്ലാതാക്കരുത്. കൂടുതൽ വെള്ളം ആവശ്യപ്പെടാതെ നില വിലുള്ള വെള്ളം കാര്യക്ഷമമായി ഉപയോഗിക്കാനാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ തമിഴ്നാട് ശ്രമിക്കേണ്ട ത്. വെള്ളത്തിന്റെ ഉപയോഗം കാര്യക്ഷമമാണെങ്കിൽ നില വിലെ 136 അടി ജലനിരപ്പിൽത്തന്നെ ജീവിതമാർഗ്ഗങ്ങൾ തടസ്സപ്പെടാതെ തമിഴ്നാടിന് മുന്നോട്ട് പോകാൻ കഴിയു മെന്ന് എനിക്കുറപ്പുണ്ട്. ജലനിരപ്പ് 120 അടിയായി താഴ്ത്തി യാൽ എന്ത് സംഭവിക്കുമെന്നും കണ്ടറിയണം. പരീക്ഷണം നടത്തിക്കൊണ്ടുതന്നെ ധാരണയിലെത്തേണ്ട ഒരു വിഷ യമാണത്.

ഡാം സുരക്ഷിതമല്ല എന്ന തോന്നലുണ്ടെങ്കിൽ സാഹ സത്തിന് മുതിരാതിരിക്കുന്നതാണ് ഉത്തമം എന്നാണ് എനിക്ക് തോന്നുന്നത്. ഡാം സുരക്ഷയെക്കുറിച്ച് വിദഗ്ധ സമിതി എന്തുപറഞ്ഞാലും ജനങ്ങളുടെ ഭീതി മാറ്റിയെ ടുക്കാൻ പ്രയാസമാണ്. ഭരണകൂടങ്ങൾ രാഷ്ട്രീയക്കളി കൾ തുടരുമ്പോഴും ജനങ്ങൾ ശരിക്കും ഭീതിയിലാണ്. മുല്ലപ്പെരിയാർ പ്രദേശത്തുണ്ടായ ഭൂചലനം ആപത്കര

ട്ടും പദ്ധതി പരമാവധി പ്രയോജനപ്പെ ടുത്തിയിരിക്കുന്നു. ഈ പദ്ധതികൾ പരിസ്ഥിതിക്കും വന്യജീവിസമ്പത്തി നും ഏൽപ്പിച്ച ആഘാതങ്ങൾ കണ ക്കാക്കാവുന്നതിനും അപ്പുറമാണ്. സ ഹകരണത്തിന്റെ മഹത്തായ ഉദാഹര ണമായി കൊട്ടിഘോഷിക്കപ്പെടുന്ന ഈ പദ്ധതികൾ യഥാർത്ഥത്തിൽ വി നാശത്തിന്റെയും മനുഷ്യദുരയുടെയും ദുരന്തങ്ങൾ ക്ഷണിച്ചുവരുത്താനുള്ള സാധ്യതകളുടെയും ഉദാഹരണങ്ങളാ ണ്. എന്തായാലും ഡാം നിലനിൽക്കു കയും വെള്ളം തമിഴ്നാട്ടിലേക്ക് ഒഴു കുകയും അവരുടെ സമ്പദ്വ്യവസ്ഥ യെ അത് സംരക്ഷിക്കുകയും ചെയ്യു ന്നുണ്ട്. ചരിത്രം തിരിച്ചിടാൻ സാധ്യമ ല്ല. പദ്ധതിയുടെ ഗുണഫലം അനുഭ വിക്കുന്ന തമിഴ്നാട്ടിലെ ജനങ്ങൾക്ക് നദീതീരാവകാശങ്ങൾ ഇല്ലെങ്കിലും വെള്ളം ഉപയോഗിച്ച് നേടിയെടുത്ത അവകാശങ്ങൾ (right of established use) അവർക്കുണ്ട്.

1890ലെ ഈ പദ്ധതി നടന്നില്ലായി രുന്നെങ്കിൽ പകരം എന്ത് പരിഹാരമാ ണ് ജലദൗർലഭ്യം അനുഭവിക്കുന്ന ഈ പ്രദേശത്തുകാർക്ക് ഉണ്ടാവുക? പ്രാദേശിക പരിഹാരമാർഗ്ഗങ്ങൾ തേടേ



**1890ലെ ഈ പദ്ധതി നടന്നില്ലായിരുന്നെങ്കിൽ പകരം എന്ത് പരിഹാരമാണ് ജലദൗർലഭ്യം അനുഭവിക്കുന്ന ഈ പ്രദേശത്തു കാർക്ക് ഉണ്ടാവുക? പ്രാദേശിക പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടി വരും. കുറഞ്ഞ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഇത്തരം അന്വേഷ ണങ്ങൾ ഫലപ്രദമായിട്ടുണ്ട്**

ണ്ടിവരും. കുറഞ്ഞ മഴ ലഭിക്കുന്ന, ജ ലദൗർലഭ്യമുള്ള മറ്റു പ്രദേശങ്ങളിൽ ഇത്തരം അന്വേഷണങ്ങൾ ഫലപ്രദമാ യിട്ടുണ്ട്. മഹാരാഷ്ട്രയിലെ അഹമ്മദ് നഗറും രാജസ്ഥാനിലെ അൽവാർ ജി ല്ലയും ഉദാഹരണം. അതേ മാർഗ്ഗങ്ങൾ എല്ലായിടത്തും ഫലപ്രദമാകണമെന്നി ല്ല. അനുയോജ്യമായ മാർഗ്ഗങ്ങൾ അ ന്വേഷിക്കണമെന്നുമാത്രം. സമീപന ത്തിന്റെ സ്വീകാര്യത പരിശോധിക്ക ണം. പഞ്ചാബ്-ഹരിയാന രീതിയിലു ള്ള ജലസേചനം തമിഴ്നാട്ടിൽ നടക്ക ണമെന്നില്ല. എല്ലാറ്റിനുമുപരി ലഭ്യത ആവശ്യത്തെ ജനിപ്പിക്കുന്നു. ധാരാളം ജലം ലഭിക്കാൻ സാധ്യതയുള്ളപ്പോൾ അതിനനുസരിച്ച കൃഷിരീതികൾ ഉത്ഭ വിക്കുന്നു. ജലോപയോഗം കൂടിവരു ന്നു. ജലസേചനാധിഷ്ഠിതമായ കൃഷി ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ തു ടർന്നുകൊണ്ടുപോകാൻ പ്രയാസമാ ണ്. ഇത്തരം പ്രവണതകൾ നമുക്ക് മ റികടക്കേണ്ടിയിരിക്കുന്നു.

സംസ്ഥാനങ്ങൾ തമ്മിലുള്ള ചർച്ച യിൽ പാരിസ്ഥിതിക ഉത്കണ്ഠകൾ വിഷയമായി വരുന്നതേയില്ല. പരിസ്ഥി തിയുടെ കാര്യം അവഗണിച്ചുകൊണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള ഈ സ

മായതല്ല. പക്ഷെ ജനങ്ങളെ ഭീതിയിലാഴ്ത്താൻ അതൊരു കാരണമായിത്തീർന്നു. അതിനെല്ലാം ഉപരിയായി, കേരളം തമിഴ്നാടിന് വെള്ളം നൽകുന്നു എന്നതിനാൽ കേരളത്തിന്റെ വികാരങ്ങൾ തീർച്ചായായും അവർ മാനിക്കേണ്ടതുണ്ട്.

അതെല്ലാം അംഗീകരിക്കുമ്പോഴും ഡാം ഇതേപടി നിലനിർത്താൻ പാടില്ല. ഡാമിന്റെ ഗുണഭോക്താക്കളെ സംരക്ഷിക്കുന്നതിനുള്ള ബദൽ മാർഗ്ഗങ്ങൾ തിരഞ്ഞുകൊണ്ട് ഡാമിന്റെ പ്രവർത്തനം കാലക്രമേണ നിർത്തുക.

കാവേരി നദിയുടെ കാര്യമെടുക്കാം. ആദ്യകണക്കുകൾ പ്രകാരം പുഴയിലുണ്ടായിരുന്ന 670 ആയിരം മില്യൺ ക്യുബിക് അടി വെള്ളത്തിൽ 480 ഉം ഉപയോഗിച്ചിരുന്നത് തമിഴ്നാടായിരുന്നു. പക്ഷെ അത് തുടർന്നും നിലനിർത്താൻ കഴിഞ്ഞില്ല. ഒടുവിൽ കർണ്ണാടകയും കൂടുതൽ വെള്ളം ഉപയോഗിക്കാൻ തുടങ്ങിയതോടെ തമിഴ്നാടിന് കിട്ടിയിരുന്ന വെള്ളത്തിന്റെ അളവ് കുറഞ്ഞു. കാവേരിയിൽ നിന്നും പഴയ അളവിൽ വെള്ളം കിട്ടുമെന്ന് തമിഴ്നാട്ടിലെ കർഷകർ ഇന്ന് പ്രതീക്ഷിക്കുന്നില്ല. വെള്ളത്തിന്റെ അളവിലുണ്ടായ കുറവ് ക്രമേണ അവർ അംഗീകരിച്ചു. ന്യായമായ അളവിലുള്ള വെള്ളം വേണമെന്ന അവരുടെ ആവശ്യം പരിഗണിക്കപ്പെടുകയും പുഴയിലെ ഒഴുക്ക് നിലനിർത്തുകയും ചെയ്തിട്ടുണ്ട്. വെള്ളത്തിന്റെ കുറവിനെ തുടർന്നുണ്ടായ മാറ്റത്തിനനുസരിച്ച് ജീവിതം ക്രമീകരിക്കാൻ അവർ സന്നദ്ധരായി. വൈഗൈയിലുള്ളവരും ജലസേചനത്തെക്കുറിച്ച് പുനഃർചിന്ത നടത്താൻ അതുപോലെ സന്നദ്ധരാകണം.

**പുതിയ ഡാം വേണ്ട എന്നുതന്നെയാണോ താങ്കൾ പറയുന്നത്?**

നൂറ് കൊല്ലങ്ങൾക്ക് മുമ്പ് ചെയ്ത ബുദ്ധിശൂന്യമായ പ്രവർത്തി ചരിത്രമായിരിക്കട്ടെ. അത് വീണ്ടും ആവർത്തിക്കേണ്ടതില്ല.

**ഡാം ബുദ്ധിശൂന്യമായ തീരുമാനമാണെന്ന് താങ്കൾ പറയുന്നത് എന്തുകൊണ്ടാണ്?**

ജൈവികവും പാരിസ്ഥിതികവുമായ ഒരു വ്യവസ്ഥയാണ് പുഴ. ജലസംബന്ധിയായ ജീവിതങ്ങൾ പുഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. 1886ൽ അത് പരിഗണിക്കാൻ ആരുമുണ്ടായിരുന്നില്ല. പരിസ്ഥിതിക്കും വനസമ്പത്തിനും എന്ത് നാശമുണ്ടാക്കുമെന്ന് കണക്കാക്കാതെ ഇന്ന് മുന്നോട്ട് പോകാൻ കഴിയില്ല. ജലത്തിനെ പ്രകൃതിദത്തമായ ഒഴുക്കിലേക്ക് തിരിച്ചുവിടാനാണ് നമ്മൾ ശ്രമിക്കേണ്ടത്. പൈപ്പ് ലൈനുകളെപ്പോലെ പുഴയെ വളയ്ക്കു



**മുല്ലപ്പെരിയാർ ഡാം നിർമ്മിക്കുന്ന കാലത്ത് പരിസ്ഥിതിയുടെ പക്ഷത്ത് നിന്നുള്ള അനുമതി അതിന് വേണ്ടിയിരുന്നില്ല. ചരിത്രപരമായ ആ വങ്കത്തരം തിരുത്താനും പുഴയെ അതിന്റെ ജൈവികമായ ഒഴുക്കിലേക്ക് തിരികെ കൊണ്ടുവരാനുള്ള അവസരമായി ഈ ചർച്ചകളെ എടുക്കണം**

ഹകരണത്തെ കൊട്ടിഘോഷിക്കാമോ. താരതമ്യേന ദുർബലമായിരുന്ന ഒരു നാട്ടുരാജ്യത്തെ പ്രബലമായിരുന്ന മദിരാസി പ്രസിഡൻസി അടിച്ചേൽപ്പിച്ച കരാറിനെ അതേപടി സംരക്ഷിക്കേണ്ടതുണ്ടോ. ഇതേ അനീതി പറമ്പിക്കുളം പദ്ധതിയിലും നിലനിൽക്കുന്നുണ്ടെന്നോർക്കണം. കരാറുകൾ ഒരുപാട് ചോദ്യങ്ങൾ അവശേഷിപ്പിക്കുന്നു.

(എ) സ്വരാജ്യത്തിന് പ്രതികൂലമായി ഭവിക്കുന്ന ഒരു കരാറിലേർപ്പെടാൻ നിർബന്ധിതനാകത്തക്കവിധം ദുർബലനായിരുന്നോ തിരുവിതാംകൂർ മഹാരാജാവ് . അദ്ദേഹത്തിന് ഇല്ല എന്ന് പറയാനാവില്ലായിരുന്നിരിക്കും. പക്ഷെ കുറച്ച് കൂടി നന്നായി വിലപേശാമായിരുന്നില്ലേ?

(ബി) 1970ൽ കരാർ പുനഃപരിശോധിച്ചപ്പോൾ, വാടകതുക കൂട്ടിയതല്ലാതെ കുറച്ചുകൂടി ന്യായമായ രീതിയിൽ നേട്ടങ്ങൾ പങ്കിടുന്നതിന് വേണ്ടി കേരളത്തിന് ശ്രമിച്ചുകൂടായിരുന്നോ?

(സി) മുല്ലപ്പെരിയാർ കരാറിന്റെ പഴയ ചരിത്രം എന്തായിരുന്നാലും 1958ലെ പറമ്പിക്കുളം-ആളിയാർ കരാറിന്റെ കാലത്ത് ഇല്ല എന്ന നിലപാടെടുക്കാൻ എന്തുകൊണ്ട് കേരളത്തിന് കഴിഞ്ഞില്ല?

ഇത്തരം കാര്യങ്ങൾ വിശദമായി പഠിക്കേണ്ടതുണ്ട്. വികാരങ്ങൾ പരിഗ

കയോ തിരിക്കുകയോ ചെയ്യരുത്.

**തമിഴ്നാടിന് തുടർന്നും വെള്ളം കൊടുക്കാൻ പുതിയ ഡാം കെട്ടാം എന്നാണ് കേരളം പറയുന്നത്. അത് പ്രായോഗികമാണോ?**

പുതിയ ഡാം കെട്ടരുത് എന്നാണ് എന്റെ അഭിപ്രായം. കുറച്ചുനാളത്തേക്ക് നിലവിലുള്ള ഡാമുമായി മുന്നോട്ട് പോകണം. സമയബന്ധിതമായി അതും അവസാനിപ്പിക്കുക. ഡാം ബലപ്പെടുത്തുന്നതിനെക്കുറിച്ചും മറ്റും സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി എന്ത് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചാലും 10 വർഷത്തിനപ്പുറത്തേക്ക് പോകരുത്. അന്തിമമായ ഒത്തുതീർപ്പ് അതിനിടയിൽ കണ്ടെത്തണം. ഞാൻ പറയുന്നത് അസാധാരണമായ കാര്യമല്ല. മുല്ലപ്പെരിയാർ മാത്രമല്ല, ഭക്രനംഗലോ മോട്ടൂറോ തുടങ്ങിയ ഡാമുകളൊന്നും കാലാതീതമല്ല. നൂറ് വർഷങ്ങൾ എന്നത് ഒരു ഡാമിനെ സംബന്ധിച്ച് ന്യായമായ ജീവിതകാലയളവാണ്. ഡാം ഉപേക്ഷിക്കേണ്ടുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങേണ്ടിയിരിക്കുന്നു.

**കേരളം തമിഴ്നാടിന് വെള്ളം നൽകാൻ തയ്യാറാണ്. സുരക്ഷയാണ് അവരെ ഉത്കണ്ഠപ്പെടുത്തുന്നത്?**

അല്ല. മുല്ലപ്പെരിയാർ, പറമ്പിക്കുളം – ആളിയാർ കരാറുകളുടെ കാര്യത്തിൽ കേരളത്തിന് അങ്ങേയറ്റം നീരസമുണ്ട്. രണ്ടും കേരളത്തിന് സഹായകരമല്ലെന്ന് അവർക്കറിയാം. അടിസ്ഥാനപരമായി സുരക്ഷമാത്രമല്ല പ്രശ്നം. ചൂഷണവും നീതിരാഹിത്യവും കേരളത്തിന് അതൃപ്തിയുണ്ടാക്കുന്നുണ്ട്.

**സുപ്രീം കോടതിക്ക് ഈ പ്രശ്നത്തിൽ നീതി നടപ്പിലാക്കാൻ കഴിയുമോ?**

ജുഡീഷ്യറിക്ക് ഡാം സുരക്ഷ എന്നത് ഒരു വിഷയമാണോ? അല്ലെന്നുതന്നെ അവർ പറയും. നിയമത്തിനും അതൊരുവിഷയമല്ല. ഉദാഹരണമായി നർമ്മദ കേസിൽ 2000ൽ വന്ന സുപ്രീംകോടതി വിധി ഡാമുകൾക്ക് അനുകൂലമായാണ് സംസാരിച്ചത്. കോടതിക്ക് അപ്രകാരം സംസാരിക്കേണ്ട കാര്യമില്ല. കാരണം ആ പറഞ്ഞതെന്നും വിധി നിർണ്ണയങ്ങളായിരുന്നില്ല, കേവലം അഭിപ്രായങ്ങൾ മാത്രമായിരുന്നു.

**സുപ്രീംകോടതി നിയമിച്ച ഉന്നതാധികാര സമിതിക്ക് ഈ വിഷയത്തിൽ എന്തെങ്കിലും തീർപ്പുകൽപ്പിക്കാൻ കഴിയുമെന്ന് താങ്കൾ കരുതുന്നുണ്ടോ?**

കേരളത്തിന് തങ്ങൾ സുരക്ഷിതരല്ല എന്ന തോന്നലുണ്ടെങ്കിൽ നിങ്ങൾ സുരക്ഷിതരാണെന്ന് കരുതിയേതീരൂ എന്ന് സുപ്രീംകോടതിക്ക് പറയാൻ കഴിയില്ല. ഉന്നതാധികാര സമിതിയെ പ്രശ്നം ഏൽപ്പിക്കുന്നതോടെ സുപ്രീകോടതി ഫലത്തിൽ ഒരു ഭരണസ്ഥാപനമായി മാറുന്നു. ഈ സമിതി ഡാം സുരക്ഷിതമാണെന്നും കേരള സർക്കാർ നിയോഗിക്കുന്ന മറ്റൊരു വിദഗ്ധസമിതി ഡാം സുരക്ഷിതമല്ലെന്നും പറയുകയാണെങ്കിൽ അതിൽ ഏതാണ് ശരിയെന്ന് സുപ്രീംകോടതിക്ക് എങ്ങനെ പറയാൻ കഴിയും? ഭൂചലനത്തിന്റെ പ്രശ്നം തെഹ്‌രി ഡാമിന് സമീപമുണ്ടായപ്പോൾ എന്താണ് സംഭവിച്ചതെന്ന് നമുക്കറിയാം. നാല് വിദഗ്ധ സമിതികളെയാണ് കേന്ദ്രസർക്കാർ തെഹ്‌രി ഡാമിന്റെ സുരക്ഷ കണക്കിലാക്കുന്നതിനായി നിയോഗിച്ചത്. വ്യത്യസ്തമായ അഭിപ്രായങ്ങളാണ് നാല് സമിതികളും രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒരു സമിതിയുടെ അഭിപ്രായം മാത്രമാണ് ശരിയെന്ന് സുപ്രീംകോടതിക്ക് എങ്ങനെ പറയാൻ കഴിയും? മുൻകരുതൽ നടപടികളാണ് ഇവിടെ ഉത്തമം. പൊതുവായ ധാരണകളുടെ അടിസ്ഥാനത്തിൽ കേരളവും തമിഴ്നാടും സംയുക്തമായി ഒരു സമിതി രൂപീകരിക്കണം. കോടതിയുടെ തീർപ്പുകൽപ്പിക്കലല്ല, സൗഹാർദ്ദപരമായ ഉടമ്പടിയാണ് ഇവിടെ പരിഹാരമായി വരേണ്ടത്.

*(കടപ്പാട്: ഫ്രന്റ്‌ലൈൻ വാരിക, 2011 ഡിസംബർ)*

ണിക്കേണ്ടതുണ്ട്. ഇന്നത്തെ തർക്കങ്ങൾക്ക് പശ്ചാത്തലമൊരുക്കുന്നതും നിറം ചേർക്കുന്നത് ചരിത്രമാണ്.

**തർക്കത്തിന്റെ പ്രകൃതം**

ചരിത്രം എന്തായാലും മുല്ലപ്പെരിയാർ കരാർ നിലനിൽക്കുന്നു. മുല്ലപ്പെരിയാറിൽ നിന്ന് വെള്ളം തമിഴകത്തേക്ക് ഒഴുകിക്കൊണ്ടേയിരിക്കുന്നു. തമിഴ്നാട്ടിലെ കുറേ ജില്ലകളിലെ ജലാധിഷ്ടിത പ്രവർത്തനങ്ങൾ അന്നാട്ടുകാർ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പിന്നെ എന്താണ് തർക്കം? ജലവിതാനം 136 അടിയിൽ നിന്നും പദ്ധതി പ്രകാരമുള്ള 142ലേക്ക് കൂട്ടുന്നതാണ് പ്രശ്നം. അപ്രകാരം കുറച്ച് വെള്ളംകൂടി പദ്ധതി പ്രദേശത്ത് ലഭ്യമാകും. ഡാമിന് സമീപ പ്രദേശങ്ങളിലെ സുരക്ഷയെ കുറിച്ച് കേരളത്തിന് ഭീതിയുണ്ട്. ജലവിതാനം കൂട്ടിയാൽ അണക്കെട്ടിന് അപകടമുണ്ടാകുമെന്ന് കേരളീയർ ഭയപ്പെടുന്നു. ഡാം സുരക്ഷിതമാണ് എന്നാണ് തമിഴ്നാട് പറയുന്നത്. സംസ്ഥാനത്തെ സകല അണക്കെട്ടുകളുടെയും സുരക്ഷിതത്വം സംബന്ധിച്ച ഒരു ആക്ട് കേരളനിയമസഭ പാസാക്കിയിട്ടുണ്ട്. അതിന്റെ സാധുത തമിഴ്നാട് ചോദ്യം ചെയ്യുന്നു. അവർ സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നു. നാവിക വിദഗ്ധരെക്കൊണ്ട് ഡാം പരിശോധിപ്പിക്കുന്നതിനെ തമിഴ്നാട് എതിർക്കുന്നു. രണ്ട് സംസ്ഥാനങ്ങളോടും പരസ്പരം ചർച്ചചെയ്യാൻ സുപ്രീം കോടതി ആവശ്യപ്പെടുന്നു. രണ്ട് സർക്കാരുകളും അവരവരുടെ താൽപര്യങ്ങൾക്ക് വേണ്ടി മാത്രം വാദിക്കുന്നു. അതുമൂലം ഇരുസംസ്ഥാനങ്ങളിലും ജനങ്ങൾ രോഷാകുലരാണ്.

തമിഴകത്തെ കർഷകർക്ക് ആവശ്യമായത്ര വെള്ളം കിട്ടാത്തതിൽ രോഷം. കൂടുതൽ വെള്ളം കിട്ടാൻ അണക്കെട്ടിലെ ജലവിതാനം ഉയർത്തിയാൽ മതി. അങ്ങനെ അപ്പുറത്തെ കൃഷി നശിക്കാതെ നിലനിൽക്കും. പക്ഷെ ഇപ്പുറത്തെ ജനങ്ങൾ ഭീതിയിലാണ്. തമിഴ്നാടിന് അണക്കെട്ടിന്റെ ഉറപ്പിനെ കുറിച്ച് നല്ല ഉറപ്പാണ്. കേരളത്തിന്

ആ ഉറപ്പില്ല. സാമ്പത്തിക നേട്ടമാണോ മനുഷ്യരുടെയും പ്രകൃതിയുടെയും സുരക്ഷയാണോ പ്രധാനം എന്നതാണ് യഥാർത്ഥ പ്രശ്നം.

### പരിഹാര സാധ്യതകൾ

ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള ഉത്കണ്ഠക്ക് അടിസ്ഥാനമുണ്ടോ? ലേഖകന്റെ വ്യക്തിപരമായ അഭിപ്രായം 111 കൊല്ലം പഴക്കമുള്ള അണക്കെട്ടിനെ ആശ്രയിക്കാൻ പറ്റില്ല എന്നുതന്നെയാണ്. ആശ്രയിക്കാൻ പറ്റുന്ന ഒരു മാർഗ്ഗം ഇപ്പോഴെ തേടണം. എന്നാൽ മുല്ലപ്പെരിയാർ അണക്കെട്ട് പൊളിച്ചുകളഞ്ഞ് മറ്റൊരു ഡാം പണിയണമോ? സാമ്പത്തികമായും സാങ്കേതികമായും ഇത് സാധ്യമാണെങ്കിൽപ്പോലും പരിസ്ഥിതിക്കും മനുഷ്യർക്കും ആഘാതമുണ്ടാക്കുന്നില്ലെങ്കിൽപ്പോലും ദൈവത്തെയോർത്ത് ഡാം കെട്ടരുത് എന്നാണ് ഈ ലേഖകന്റെ പ്രാർത്ഥന. മുല്ലപ്പെരിയാർ ഡാം നിർമ്മിക്കുന്ന കാലത്ത് പരിസ്ഥിതിയുടെ പക്ഷത്ത് നിന്നുള്ള അനുമതി അതിന് വേണ്ടിയിരുന്നില്ല. ചരിത്രപരമായ ആ വങ്കത്തരം തിരുത്താനും പുഴയെ അതിന്റെ ജൈവികമായ ഒഴുക്കിലേക്ക് തിരികെ കൊണ്ടുവരാനുള്ള അവസരമായി ഈ ചർച്ചകളെ എടുക്കണം.

142 അടി വിതാനത്തിലേക്ക് വെള്ളം ഉയർത്തേണ്ടതുണ്ടോ? ഇപ്പോഴത്തെ അവസ്ഥ നിലനിർത്തിക്കൂടെ? തമിഴ്നാടിന് ഇനിയും കൂടുതൽ വെള്ളം യഥാർത്ഥത്തിൽ ആവശ്യമുണ്ടോ? ലഭിക്കുന്ന വെള്ളം കൂടുതൽ ഉപയോഗപ്രദമാക്കിക്കൂടെ? വെള്ളം ഉപയോഗിക്കുന്നവർ ധൂർത്ത് കുറച്ചാൽ കൂടുതൽ ആവശ്യങ്ങൾ നടക്കില്ലേ? ഡാം സുരക്ഷിതമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളപ്പോൾ കേരളം എന്തിനാണ് സുരക്ഷയെക്കുറിച്ച് ആശങ്കപ്പെടുന്നതെന്ന ചോദ്യം തമിഴ്നാട്ടിലുള്ളവർ മുന്നോട്ട് വയ്ക്കുന്നത് കേട്ടു. കേരളം സുരക്ഷിതമാണ് എന്ന് പറയേണ്ടത് തമിഴ്നാടല്ല. കേരളത്തിന് തന്നെ അത് ബോധ്യപ്പെടേണ്ടതാണ്. രണ്ട് സംസ്ഥാനങ്ങളും നാമനിർദ്ദേശം ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്യുന്ന ഒരു വിദഗ്ധ സമിതിയെ (ഡാംബ്രേക്ക് വിദഗ്ധർ ഉൾപ്പെടെ) വിശദമായ പഠനങ്ങൾക്കായി നിയോഗിക്കണം. ചരിത്രപരമായ തെറ്റുകൾ കുറയ്ക്കുന്നതിനും പരിഹരിക്കുന്നതിനും കേരളത്തിന്റെ തുല്യമായ അവകാശങ്ങൾ പരിഗണിക്കുന്നതിനും തമിഴ്നാട് ശ്രമിക്കണം. ഡാം സുരക്ഷ പോലെയുള്ള കാര്യങ്ങൾ വിശദമായി ചർച്ചചെയ്യാനുള്ള സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ അത് ഉപകാരപ്പെടും. ഞാൻ താഴെ പറയുന്ന പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു.

1. ജനങ്ങൾ-രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും മാധ്യമങ്ങളും പരസ്പരം പഴിചാരുന്നത് നിർത്തുക.
2. കാവേരി തർക്കത്തിന്റെ കാര്യത്തിൽ പൊതുസമൂഹവും മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസും എടുത്ത നിലപാട് ഇവിടെയും ശ്രമിക്കുക.
3. സുപ്രീം കോടതിയിൽ പോകുന്നത് നിർത്തിവെച്ച് ഇരുസംസ്ഥാനങ്ങളും ഒത്തൊരുമിച്ചിരുന്ന് സംസാരിക്കുക.
4. മുല്ലപ്പെരിയാർ, പറമ്പിക്കുളം കരാറുകളെ കുറിച്ച് ചർച്ച ചെയ്ത് യോജിക്കാവുന്ന മേഖലകൾ കണ്ടെത്തുക.
5. 136 അടിയിലധികം മുല്ലപ്പെരിയാർ ഡാമിൽ ശേഖരിക്കാതിരിക്കുക. അങ്ങനെ ലഭ്യമായ വെള്ളം വിദ്ഗ്ധമായി ഉപയോഗിക്കാൻ തമിഴകം ശ്രദ്ധിക്കുക.
6. 142 അടിയായി ജലനിരപ്പ് ഉയർത്തേണ്ട സാഹചര്യമുണ്ടായാൽ രണ്ട് സംസ്ഥാനങ്ങളും സംയുക്തമായി നിശ്ചയിക്കുന്ന സുരക്ഷാവിദഗ്ധരുടെ മേൽനോട്ടത്തിൽ ഡാമിന്റെ സുരക്ഷ വ്യക്തമായി വിലയിരുത്തണം.
7. മുല്ലപ്പെരിയാർ ഘട്ടംഘട്ടമായി ഉപേക്ഷിക്കാനുള്ള നടപടികൾ ഇരുസംസ്ഥാനങ്ങളും സഹകരിച്ച് നടപ്പിലാക്കുക.

**കാർട്ടൂൺ** **മധുസൂദനൻ**

